File No.EWB2/9/2020-LSGD

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തസ്വഭവ – എൽ.എ.സി - എ.ഡി.എസ് 2015-16, വൈക്കം നിയോജക മണ്ഡലം ആസ്തി വികസന നിധിയിൽ നിന്നും ഭരണാനുമതി ലഭിച്ച Construction of Chenthuruthu K.V. canal road in Thalayazham Gramapanchayat എന്ന പ്രവൃത്തി - പുതുക്കിയ ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യു.ബി.) വകുപ്പ്

സ.ഉ.(സാധാ) നം.1494/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 12/08/2020

പരാമർശം:- 1) 12.02.2016 ലെ സ. ഉ. (ആർ.റ്റി) 590/2016/തസ്വഭവ നമ്പർ ഉത്തരവ്.

2) 04.08.2018 ലെ സ. ഉ. (അച്ചടി) 119/2018/ധന നമ്പർ ഉത്തരവ്.

3) 03.04.2018 ലെ 26/2018/ധന നമ്പർ സർക്കുലർ.

4) 4.03.2020 ലെ ത.സ്വ.ഭ.വ ചീഫ് എഞ്ചിനീയറുടെ എബി1/ഡിബി6/17775/19/സിഇ/തസ്വഭവ നമ്പർ കത്ത്.

5) 20.06.2020 ലെ സ. ഉ. (ആർ.റ്റി) 3783/2020/ധന നമ്പർ ഉത്തരവ്.

ഉത്തരവ്

വൈക്കം എം.എൽ.എ യുടെ 2015-16 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും Construction of Chenthuruthu K.V. canal road in Thalayazham Gramapanchayat എന്ന പ്രവൃത്തിക്ക് പരാമർശം (1) ഉത്തരവിലെ ക്രമനമ്പർ 2 പ്രകാരം 18 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. പ്രസ്തുത പ്രവൃത്തി, സ്ഥല പരിമിതിയും അതിർത്തി തർക്കവും മൂലം നിലവിൽ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരം പൂർത്തിയാക്കാനാകാത്തതിനാൽ തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റിൽ മാറ്റം വരുത്തി പ്രസ്തുത റോഡിന്റെ തുടക്കം മുതൽ കൊല്ലാർ കാട്ടുകരി വരെയുള്ള തർക്ക രഹിത ഭാഗം മണ്ണ്, മക്ക് എന്നിവ ഉപയോഗിച്ച് ഉയർത്തുന്നതിനും സാധ്യമായ ദൂരത്തിൽ ടാറിംഗ് പ്രവൃത്തി കൂടി ഉൾപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുവാനുള്ള ബഹു. എം.എൽ.എ ശ്രീമതി സി. കെ. ആശയുടെ നിർദ്ദേശത്തെ തുടർന്ന് ചീഫ് എഞ്ചിനീയർ പുതുക്കിയ എസ്റ്റിമേറ്റ് ഭരണാനുമതി പുതുക്കി നല്കുന്നതിനായി പരാമർശം (4) പ്രകാരം സമർപ്പിച്ചിട്ടുണ്ട്. ടി പ്രവൃത്തിയ്ക്ക് പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം തുകയിൽ വ്യത്യാസം വരാതെ ഭരണാനുമതി പുതുക്കി നല്കുന്നതിന് പരാമർശം (2) ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി പരാമർശം (3) പ്രകാരമുള്ള സർക്കുലറിൽ ഇളവ് വരുത്തി പരാമർശം (5) പ്രകാരം പ്രത്യേകാനുമതി നല്കി ഉത്തരവായിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (5) ഉത്തരവിന്റെ അടിസ്ഥാനത്തിൽ, വൈക്കം നിയോജക മണ്ഡലം എം.എൽ.എ യുടെ 2015-16 ലെ ആസ്തി വികസന ഫണ്ടിൽ നിന്നും Construction of Chenthuruthu K.V. canal road in Thalayazham Gramapanchayat എന്ന പ്രവൃത്തിക്ക് പരാമർശം (1) ഉത്തരവിലെ ക്രമ നം. 2 പ്രകാരം 18 ലക്ഷം രൂപയ്ക്ക് ലഭ്യമാക്കിയിരുന്ന ഭരണാനുമതി പുതുക്കി നല്കി ഉത്തരവാകുന്നു.

3) പരാമർശം (1) ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജുക്കുട്ടൻ എം എസ്

അഡിഷണൽ സെക്രട്ടറി

ശ്രീമതി. സി. കെ. ആശ എം.എൽ.എ. (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) , കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ) , കേരള, തിരുവനന്തപുരം

ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, തലയാഴം ഗ്രാമ പഞ്ചായത്ത്, കോട്ടയം ജില്ല

ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ് (20.06.2020 ലെ സ.ഉ.(ആർ.റ്റി) 3783/2020/ധന നമ്പർ ഉത്തരവ്.)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ